**ഒൻപതാം സ്കന്ദം ആരംഭം**

ശ്രൂയതാം മാനവോ വംശ: പ്രാചുര്യേണ പരം തപ
നശക്യതേ വിസ്തരതോ വക്തും വർഷശതൈരപി (9-1-7)

*ശുകമുനി തുടർന്നു:*
മനുവിൻെറ പിൻഗാമികളെപ്പറ്റിയുള്ള ചെറിയൊരു വിവരണം നൽകാം. ഒരു നൂറു വർഷമുണ്ടായാലും പരിപൂർണ്ണമായി അതു വിവരിക്കുക അസാദ്ധ്യം. ശ്രദ്ധാദേവൻ, വിവസ്വാൻെറയും സംജ്ഞനയുടെയും പുത്രനായിരുന്നു. അദ്ദേഹം ഇപ്പോഴത്തെ മന്വന്തരത്തിലെ മനുവായ വൈവസ്വതനത്രെ. അദ്ദേഹത്തിന് മക്കളില്ലായിരുന്നു. അതിനാൽ വസിഷ്ഠമുനി സന്താനപ്രാപ്തിക്കായി ഒരു യാഗം നടത്താൻ തീരുമാനിച്ചു. പുത്രനെ ആഗ്രഹിച്ചിരുന്ന രാജാവിൻെറ പത്നിക്കാകട്ടെ ഒരു മകളെയാണു വേണ്ടിയിരുന്നത്. അതുകൊണ്ട് രാജപത്നി ഒരു യാഗപുരോഹിതനെ സമീപിച്ച് ആഗ്രഹമറിയിച്ചു. പുരോഹിതൻ മന്ത്രത്തിൽ ചെറിയൊരു വ്യതിയാനം വരുത്തിയതിൻെറ ഫലമായി ഒരു മകളാണുണ്ടായത്. രാജാവ് ആശാഭംഗത്തോടെ വസിഷ്ഠനോട് പരാതി പറഞ്ഞു. ഭഗവൽശക്തികൊണ്ട് വസിഷ്ഠന് കുട്ടിയുടെ ലിംഗം മാറ്റുവാനുള്ള കഴിവുണ്ടായി. അങ്ങിനെ മനുപുത്രിയായ ഇള, സുദ്യുമ്നൻ എന്ന മകനായിത്തീർന്നു.

ഒരു ദിവസം സുദ്യുമ്നൻ തൻെറ പരിവാരങ്ങളോടൊത്ത് വനത്തിൽ നായാട്ടിനു പോയി. അവർ മേരു പർവ്വതത്തിൻെറ താഴ്‌വരയിൽ ചെന്നു. അവിടെ ഭഗവാൻ പരമശിവൻ പാവ്വ്തിയോടൊപ്പം കഴിയുന്നു. അവർ ആ വനത്തിൽ പ്രവേശിച്ച മാത്രയിൽ നായാട്ടുസംഘത്തിലെ കുതിരകളടക്കം എല്ലാവരും സ്ത്രീകളായിത്തീർന്നു. ഇതിനൊരു കാരണമുണ്ട്. വളരെ പണ്ട് ഒരു മുനി ഈ വനത്തിൽ കയറി. അവിടെ പരമശിവനും പാർവ്വതിയും രമിച്ചിരിക്കുന്ന അവസരമായിരുന്നു. മഹർഷിയെ കണ്ട പാർവ്വതി ലജ്ജിതയായി വ്യസനിച്ചു. മുനി തലതിരിച്ച് അവിടെ നിന്നും പോയി. എങ്കിലും തൻെറ പ്രിയതമയ്ക്കു നേരിട്ട ശല്യത്തെ ഓർത്ത് പരമശിവൻ ശപിച്ചു. “ഈ വനത്തിൽ പ്രവേശിക്കുന്ന ഏവനും ഒരു സ്ത്രീയായി മാറട്ടെ.” അതിനുശേഷം ആരും ആ വനത്തിൽ പ്രവേശിക്കാറില്ലായിരുന്നു.

സുദ്യുമ്നൻ ഒരു യുവതിയായി വനത്തിൽ കുറച്ചുനാൾ അലഞ്ഞു നടന്നു. അവളെ കണ്ട് ബുധൻ പ്രേമപരവശനായി, വിവാഹം ചെയ്തു. അവൾക്കൊരു പുത്രനുണ്ടായി. പുരൂരവൻ. അങ്ങിനെ സ്ത്രീവേഷം അഭിനയിക്കേ സുദ്യുമ്നന് വസിഷ്ഠമുനിയെ ഓർമ്മ വന്നു. ക്ഷണനേരംകൊണ്ട് മുനി പ്രത്യക്ഷനായി. വസിഷ്ഠൻ സുദ്യുമ്നനു വേണ്ടി പരമശിവനോട് പ്രാർത്ഥിച്ചു. തൽഫലമായി എല്ലാ ഒന്നരാടൻ മാസങ്ങളും സുദ്യുമ്നൻ പുരുഷനായി മാറുന്നതാണ്. അങ്ങിനെ പരമശിവൻെറ ശാപം ഫലിക്കുകയും ചെയ്യും. അങ്ങിനെ ഭാഗികമായ സംതൃപ്തിയോടെ സുദ്യുമ്നൻ തൻെറ രാജ്യത്തേക്കു മടങ്ങിപ്പോയി. അതിനുശേഷം അദ്ദേഹത്തിനു മൂന്ന് പുത്രന്മാരുണ്ടായി. ഉത്കലൻ, ഗയൻ, വിമലൻ എന്നിവർ. ഇവർ ദക്ഷിണഭാരതത്തിൻെറ ഭരണാധികാരികളായി. കുറച്ചുകാലംകൂടികഴിഞ്ഞ് സുദ്യുമ്നൻ വനവാസത്തിനു പോയപ്പോൾ പുരൂരവനെ രാജാവായി അവരോധിച്ചു.